(ഡി) പ്രസ്തുത ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി നൽകുന്ന ഓഫീസ് സംവിധാനം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നു.

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

57 [1262] ശ്രീ. എ. എൻ. രാജൻ ബാബു :

" ഉമേഷ് ചള്ളിയിൽ :

" കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ട് ;

(ബി) സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളുടെ എണ്ണം വിശദമാക്കുമോ ;

(സി) അംഗൻവാടികൾക്ക് ഭൂമിയും കെട്ടിടവും വാങ്ങുന്നതിന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഈ വർഷം എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(ഇ) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും എന്നത്തേക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ ഇതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ഡി) ബാധകമല്ല.

(ഇ) അനുയോജ്യമായ വസ്തുവിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും കഴിയുന്നത്രവേഗം കെട്ടിടം നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി

58 [1263] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly